**<u>15 -ാം കേരള നിയമസഭ</u>**

**<u>5 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2597</u>** **<u>07-07-2022 - ൽ മറുപടിയ്ക്ക്</u>**

**<u>സുഭിക്ഷ കേരളം പദ്ധതി</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തെ കാർഷിക രംഗത്ത് സ്വയം പര്യാപ്തതമാക്കുന്നതിന് ആവിഷ്ക്കരിച്ച സുഭിക്ഷ കേരളം പദ്ധതിയിലേയ്ക്ക് പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളെയും മറ്റ് സഹകരണ പ്രസ്ഥാനങ്ങളെയും ആകർഷിക്കുവാനും സഹകാരികളെക്കൂടി പ്രസ്തുത പദ്ധതിയുടെ ഭാഗമാക്കാനും സഹകരണവകുപ്പ് എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത്; | (എ) | ഭക്ഷ്യ കാർഷിക മേഖലയിൽ സ്വയം പര്യാപ്തമാകുക എന്ന ഉദ്ദേശത്തോടെ കേരള സർക്കാർ പ്രഖ്യാപിച്ച സമഗ്ര പദ്ധതിയാണ് സുഭിക്ഷ കേരളം. സുഭിക്ഷ കേരളം പദ്ധതിയുമായി ബന്ധപ്പെട്ട് സഹകരണ വകുപ്പ് സഹകരണ സംഘങ്ങൾ മുഖേന മാതൃകാ കൃഷിത്തോട്ടം നിർമ്മിക്കുന്ന പദ്ധതി നടപ്പിലാക്കി.<br><br>കോവിഡ് 19 മൂലം തൊഴിൽ നഷ്ടപ്പെട്ടവർക്ക് കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിച്ചുകൊണ്ട് യുവാക്കളേയും, തിരിച്ചു വരുന്ന പ്രവാസികളേയും, കൃഷിയിലേക്ക് ആകർഷിക്കുക, ജൈവ കൃഷി പ്രോത്സാഹിപ്പിക്കുക, എന്നീ ഉദ്ദേശത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കിയത്. ഈ പദ്ധതി സഹകരണ സംഘങ്ങൾ മുഖേനയാണ് സഹകരണ വകുപ്പ് നടപ്പിലാക്കിയത്.<br><br>സഹകരണ സംഘങ്ങൾ വഴി കർഷകർക്ക് വായ്പാ സഹായം നൽകുക, ഫാർമേഴ്സ് ക്ലസ്റ്ററുകൾ, സ്വയം സഹായ ഗ്രൂപ്പുകൾ, യുവജനങ്ങൾ എന്നിവയ്ക്ക് കിസാൻ ക്രെഡിറ്റ് കാർഡ് വഴി വായ്പാലഭ്യത ഉറപ്പുവരുത്തുക, സംഘം അടിസ്ഥാനത്തിൽ കാർഷിക ഉല്പന്ന ചന്തകൾ ആരംഭിക്കുക, എന്നീ പ്രവർത്തനങ്ങൾ നടപ്പിലാക്കി.<br><br>മാതൃകാ കൃഷിത്തോട്ടം നിർമ്മിക്കുന്നതിന്റെ വിവിധ പ്രവർത്തനങ്ങൾക്ക് അതാത് സഹകരണ സ്ഥാപനത്തിന്റെ ഭരണസമിതി അംഗങ്ങൾ, ജീവനക്കാർ, അംഗങ്ങൾ എന്നിവരുടെ കൂട്ടായ സഹായം ലഭ്യമാക്കുകയുണ്ടായി. കാർഷിക പ്രവർത്തനങ്ങൾ നടത്തുന്നതിന് സഹകരണ സ്ഥാപനങ്ങളുടെ മുൻകൈയ്യിൽ സ്വാശ്രയ ഗ്രൂപ്പുകൾ, ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ എന്നിവ രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു. |

| | | | |
|---|---|---|---|
| | | | കർഷക സേവന കേന്ദ്രം നിലവിലുള്ള സഹകരണ സംഘങ്ങളിൽ നിന്നും ആ പ്രദേശത്തെ കാർഷിക പ്രവർത്തനങ്ങൾക്കാവശ്യമായ വിത്ത്, വളം, ജൈവവളം, കീടനാശിനികൾ, കാർഷിക യന്ത്രങ്ങൾ എന്നിവ ലഭ്യമാക്കുകയുണ്ടായി.<br><br>ടി പദ്ധതി മുഖേന ഉല്പാദിപ്പിക്കുന്ന കാർഷിക ഉല്പന്നങ്ങൾ സംഭരിക്കുന്നതിനും, വിപണനം നടത്തുന്നതിനും സഹകരണ സ്ഥാപനങ്ങൾ സൗകര്യങ്ങൾ സജ്ജമാക്കിക്കൊടുക്കുന്നു.<br><br>സുഭിക്ഷ കേരളം പദ്ധതി പ്രധാനമായും പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ ആണ് നടപ്പിലാക്കിയതെങ്കിലും മാതൃകാ കൃഷിത്തോട്ടങ്ങൾ നിർമ്മിക്കുന്നതിന് എല്ലാ സഹകരണ സ്ഥാപനങ്ങളും പങ്കാളികളാകുകയും നല്ല രീതിയിലുള്ള പ്രവർത്തനം കാഴ്ചവയ്ക്കുകയും ചെയ്തു.<br><br>തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് കീഴിൽ കുറഞ്ഞത് 50 സെന്റ് സ്ഥലം എങ്കിലും എടുത്ത് ഒരു മാതൃകാ കൃഷിത്തോട്ടം സഹകരണ സ്ഥാപനങ്ങൾ നേരിട്ട് സജ്ജീകരിക്കുയുണ്ടായി. ഈ പദ്ധതി പ്രകാരം 883 സംഘങ്ങൾ 1852 മാതൃകാ കൃഷിത്തോട്ടങ്ങൾ നിർമ്മിക്കുകയുണ്ടായി. |
| (ബി) | സഹകരണ വകുപ്പിന്റെ ഇടപെടൽ മൂലം കാർഷിക രംഗത്ത് നടപ്പാക്കാൻ കഴിഞ്ഞ മാറ്റങ്ങൾ എന്തൊക്കെയാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; | (ബി) | സുഭിക്ഷകരളം പദ്ധതിയിലൂടെ 14 ജില്ലകളിലുമായി 3246.425 ഏക്കർ സ്ഥലത്ത് 883 സഹകരണ സ്ഥാപനങ്ങൾ മുഖേന 1852 മാതൃകാ കൃഷിത്തോട്ടങ്ങൾ സജ്ജമാക്കിയിട്ടുണ്ട്. ഇതിന്റെ തുടർച്ചായായി സർക്കാരിന്റെ രണ്ടാം നൂറുദിന പരിപാടിയുടെ ഭാഗമായി 500 ഏക്കർ കൃഷി ചെയ്യുന്ന പദ്ധതി നടപ്പിലാക്കുകയുണ്ടായി. 14 ജില്ലകളിലുമായി ആകെ 500 ഏക്കർ കൃഷിത്തോട്ടങ്ങൾ നിർമ്മിക്കുവാനാണ് തീരുമാനിച്ചതെങ്കിലും ഈ പദ്ധതി പ്രകാരം 408 സംഘങ്ങൾ മുഖേന 582 ഏക്കർ 99 സെന്റ് സ്ഥലത്ത് കൃഷി ആരംഭിക്കുകയുണ്ടായി.<br><br>സഹകരണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ സഹകരണ സംഘങ്ങൾ മുഖേന എല്ലാ ഏജൻസികളെയും ഉൾപ്പെടുത്തി മാർക്കറ്റിംഗ് സംവിധാനം ശക്തിപ്പെടുത്തി കർഷകർക്ക് വില സ്ഥിരതയും മികച്ച വരുമാനവും ഉറപ്പാക്കി സംസ്ഥാന വ്യാപകമായി Coop Mart Veg Fresh എന്ന പേരിൽ സഹകരണ സംഘങ്ങളുടെ 179 ഔട്ട് ലെറ്റുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നു. |

കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനും സഹകരണ മേഖലയുടെ പിന്തുണയോടെ കാർഷികോത്പ്പന്നങ്ങളുടെ സമാഹരണം, സംഭരണം, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കൽ, വിൽപ്പന എന്നിവയെ പരിപോഷിപ്പിക്കുന്നതിനായി പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ വഴി 2022-23 സാമ്പത്തിക വർഷം സഹകരണ വകുപ്പിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പുതിയ പദ്ധതിയാണ് ''സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി''. അടുത്ത 5 വർഷത്തിനുള്ളിൽ 14 ജില്ലകളിലും ടി പദ്ധതി ഘട്ടം ഘട്ടമായി പൂർത്തിയാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. 2022-23 ൽ ടി പദ്ധതി 7 ജില്ലകളിൽ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കുന്നിതിന്റെ ഭാഗമായി 15 സംഘങ്ങളെ തെരഞ്ഞെടുക്കുകയും പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള നിർദ്ദേശം സംഘങ്ങൾക്ക് നൽകുകയും ചെയ്തിട്ടുണ്ട്.

പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ വഴി കർഷകർക്ക് അനുവദിച്ച് വരുന്ന കാർഷിക വായ്പയുടെ പലിശ നിരക്ക് 7% ൽ നിന്നും 6%മായി കുറവ് ചെയ്തു. കൃത്യമായി തിരിച്ചടക്കുന്ന വായ്പക്കാർക്ക് നബാർഡിൽ നിന്നുള്ള 3% പലിശ സബ് വെൻഷൻ ലഭ്യമാക്കിയ ശേഷം 3% പലിശ ബാധ്യതയിൽ മാത്രം കർഷകന് വായ്പ ലഭ്യമാക്കാൻ കഴിഞ്ഞു.

നബാർഡിന്റെ പുനർവായ്പാപദ്ധതി പ്രകാരം (SRF) കേരളബാങ്ക് മുഖേന പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്ക് PACS as MSC സ്കീമിൽ കാർഷികാനുബന്ധ മൂല്യവർധിത പ്രവർത്തനങ്ങൾക്കായി അതാതു സഹകരണ സംഘങ്ങളുടെ പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ 90% വരെ വായ്പ അനുവദിച്ചു വരുന്നു. പ്രസ്തുത വായ്പയ്ക്ക് 4% പലിശ നിരക്കാണ് ഈടാക്കുന്നത്. ഈ വായ്പകളിൽ 2 കോടി രൂപ വരെയുള്ള പദ്ധതികൾക്ക് 3% പലിശ സബ്സിഡി കഴിച്ച് 1% പലിശ നിരക്കിൽ വായ്പ ലഭ്യമാക്കുന്നതു കാർഷിക മേഖലയുടെ പുരോഗതിക്ക് ആക്കം കൂട്ടുകയുണ്ടായി.

കാർഷിക മേഖലയിൽ മുതൽ മുടക്ക് നടത്തി കൃഷിയിലേർപ്പെടാൻ താത്പര്യപ്പെടുന്ന കർഷകർക്ക് ദീർഘകാല കാർഷിക വായ്പകൾ അനുവദിക്കുന്നു.

കോവിഡ് -19 രണ്ട് ഘട്ടങ്ങളിലായി കാർഷിക മേഖലയിലുണ്ടായ മാന്ദ്യം പരിഹരിക്കുന്നതിനായി

| | | | |
|---|---|---|---|
| | | | 3670 കോടി രൂപയുടെ SLF വായ്പ നബാർഡിന്റെ സഹായത്തോടു കൂടി കേരള സംസ്ഥാനത്താകെ വിതരണം ചെയ്തു.<br><br>കൂടാതെ സൂക്ഷ്മ ഭക്ഷ്യ സംസ്കരണ യൂണിറ്റുകൾ, കാർഷിക കൂട്ടായ്മകൾ എന്നിവയ്ക്ക് പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ അനുവദിച്ച് നൽകുന്ന വായ്പകൾക്ക് കേരള ബാങ്കിൽ നിന്നും പുനർവായ്പ അനുവദിച്ച് നൽകുന്നതാണ്. |
| (സി) | ഇത്തരം പദ്ധതികൾ സ്ഥിരമായി തുടർന്ന് പോകാൻ കഴിയത്തക്ക വിധം എന്തെങ്കിലും പ്രത്യേക പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (സി) | നബാർഡിന്റെ കോവിഡ് -19 ധനസഹായ പദ്ധതിയായ SLF വായ്പ പദ്ധതി ഒഴികെ എല്ലാ പദ്ധതികളും തുടർന്നു വരികയാണ്. |

സെക്ഷൻ ഓഫീസർ